## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5664** **18.11.2019 ൽ മറുപടിയ്ക്ക്**

## ഗാർഹിക പീഡനബാധിതർക്ക് സൗജന്യ നിയമ സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. പി.കെ. അബ്ദു റബ്ബ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക പീഢന നിരോധന നിയമത്തിന്റെ ഭാഗമായി സൗജന്യ നിയമ സഹായം, കൗൺസിലിംഗ് എന്നിവ നൽകുന്ന സർക്കാർ നോട്ടിഫൈ ചെയ്ത സന്നദ്ധ സംഘടനകളുടെ കീഴിൽ പ്രവർത്തിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. PWDV Act, 2005 നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലും വനിത സംരക്ഷണ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് മേൽനോട്ടം വഹിക്കുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് പ്രതിനിധിയും വനിത സംരക്ഷണ ഓഫീസറും പ്രതിമാസം സന്ദർശിക്കുകയും അവലോകന റിപ്പോർട്ട് ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലും അവലോകനം ചെയ്യാറുമുണ്ട്. |
| (ബി) | സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് സമയബന്ധിതമായി ഫണ്ടുകൾ വിതരണം ചെയ്യാറുണ്ടോ; 2019-20 വർഷത്തെ ഫണ്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സമർപ്പിയ്ക്കുന്ന പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമാക്കി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കുള്ള ഫണ്ട് ഗഡുക്കളായി വകുപ്പിൽ നിന്നും കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് അനുവദിയ്ക്കുന്നു. ഓരോ ഗഡു അനുവദിയ്ക്കുന്നതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡീച്ചർ എന്നിവ കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്ന് ലഭിയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ സമയബന്ധിതമായി ഫണ്ട് അനുവദിയ്ക്കാൻ കഴിയാതെ വരുന്നു. 2019-20 വർഷം ഫണ്ട് നൽകിയിട്ടില്ല. 2019-20 വർഷം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കുള്ള ഫണ്ട് അനുവദിയ്ക്കുന്നതിന് മുന്നോടിയായി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിയ്ക്കുവാൻ വനിത സംരക്ഷണ ഓഫീസർമാരേയും കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിനേയും ചുമതലപ്പെടുത്തിയിരുന്നു. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃപ്തികരമായ പ്രവർത്തനം നടത്തുന്ന 79 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് ഫണ്ട് അനുവദിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സാമ്പത്തിക വർഷാവസാനം തുക വിതരണം ചെയ്യുന്നതു മൂലം പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുന്നില്ലെന്ന പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | ബാധകമല്ല. |
| (ഇ) | 2018-19 വർഷത്തെ ലീഗൽ കൗൺസിലർമാരുടെ ഓണറേറിയവും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ ഫണ്ടും സമയബന്ധിതമായി വിതരണം ചെയ്യുമോ; വിശദമാക്കാമോ? | (ഇ) | 2018-19 വർഷം സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കായി 1,21,68,000/- രൂപ ഭരണാനുമതി നൽകി ഉത്തരവായതിൽ ഒന്നാം ഗഡുവായി 60,84,000/- രൂപ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന് അനുവദിച്ചിരുന്നു. രണ്ടാം ഗഡുവായി 54,71,500/- രൂപ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.